## 1192

*രീതി: വന്ദനം യേശുനാഥനേ*

ഇന്നേരം പ്രിയ ദൈവമേ! നിന്നാത്മശക്തി
തന്നാലും പ്രാർത്ഥിച്ചിടുവാൻ നിന്നോടു പ്രാർത്ഥിച്ചിടാൻ
നിന്നടിയങ്ങൾ നിന്റെ സന്നിധാനത്തിൽ വന്നു
ചേർന്നിരിക്കുന്നു നാഥാ-

1 നിന്തിരു പാദപീഠത്തിൽ അണയുവതിനെന്തുള്ളു ഞങ്ങളപ്പനേ!
നിൻതിരുസുതനേശുവിൻ തിരുജ്ജഡം ഭുവി-
ചിന്തിയോർ പുതുവഴി തുറന്നു പ്രതിഷ്ഠിച്ചതാൽ-

2 മന്ദതയെല്ലാം നീക്കുകേ നിന്നടിയാരിൽ
തന്നരുൾ നല്ലുണർച്ചയെ വന്നിടുന്നൊരു ക്ഷീണം
നിദ്രാമയക്കമിവയൊന്നാകെ നീയകറ്റി തന്നിടുകാത്മശക്തി-

3 ഓരോ ചിന്തകൾ ഞങ്ങളിൽ വരുന്നേ മനസ്സോരോന്നും പതറിടുന്നേ
ഘോരവൈരിയോടു നീ പോരാടിയടിയർക്കു
ചോരയാൽ ജയം നൽകിടേണം പരമാനാഥാ!-

4 നിന്തിരു വാഗ്ദത്തങ്ങളെ മനതളിരിൽ ചിന്തിച്ചു നല്ല ധൈര്യമായ്
ശാന്തതയോടും ഭവൽ സന്നിധി ബോധത്തോടും
സന്തതം പ്രാർത്ഥിച്ചിടാൻ നിൻതുണ നൽകിടേണം-

5 നീയല്ലാതാരുമില്ലയ്യോ! ഞങ്ങൾക്കഭയം നീയല്ലോ പ്രാണനാഥനേ!
നീ യാചന കേട്ടിടാതായാൽ പിശാചിന്നുടെ
മായാവലയിൽ നാശമായിടുമായതിനാൽ- P.V.T.